**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസനം - പിന്നാക്ക വിഭാഗ വികസന വകുപ്പിന് കൊല്ലം, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ മേഖലാ ഓഫീസുകൾ വീതം ആരംഭിക്കുന്നതിനും അവിടങ്ങളിലേയ്ക്ക് നാല് വീതം തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ)നം.04/2021/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 19/02/2021.

==================================================================================

പരാമർശം :- പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 26/11/2019, 05/03/2020 തീയതികളിലെ ബി.സി.ഡി.ഡി-എ 1/1908/2018 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ 65 ശതമാനത്തോളം വരുന്ന പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ, സാമ്പത്തിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2011 -ൽ രൂപീകൃതമായ വകുപ്പിന് ഡയറക്ടറേറ്റിന് പുറമേ കോഴിക്കോട്ടും, എറണാകുളത്തും ഓരോ മേഖലാ ഓഫീസുകൾ മാത്രമാണുള്ളതെന്നും, പിന്നാക്ക വിഭാഗ വികസന വകുപ്പ് നേരിട്ട് നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ വികസന പദ്ധതികളുടെ ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഓരോ വർഷവും ഗണ്യമായ വർദ്ധനയാണ് ഉണ്ടായിട്ടുള്ളതെന്നും, വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, സുതാര്യമാക്കുന്നതിനും വകുപ്പിൽ ഇ-ഓഫീസ് ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അപേക്ഷകരുടെ ബാഹുല്യം മൂലം മേഖലാ ഓഫീസുകളിലെ ജോലി ഭാരത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടില്ല എന്നും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളുടെ ഗുണഫലം യഥാസമയം അർഹമായവരുടെ കൈകളിലെത്തിച്ചേരുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പിന് കൂടുതൽ മേഖലാ ഓഫീസുകളും, തസ്തികകളും അനുവദിക്കേണ്ടത് അനിവാര്യമാണെന്നും ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ മേഖലാ ഓഫീസുകളും കൂടി ആരംഭിക്കുന്നതിനും, അവിടങ്ങളിലേയ്ക്കായി അവശ്യം വേണ്ടുന്ന 5 വീതം തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിന്നാക്ക വിഭാഗ വികസന വകുപ്പിന് കൊല്ലം, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനും അവിടങ്ങളിലേയ്ക്ക് ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>പാലക്കാട് മേഖലാ ഓഫീസ്</u>**

| അനുവദിച്ച തസ്തികയുടെ പേര് | എണ്ണം | Scale of Pay (2014 Pre-Revised) |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 | 45,800 - 89,000 |
| ജൂനിയർ സൂപ്രണ്ട് | 1 | 30,700 - 65,400 |
| ക്ലാർക്ക് | 1 | 19,000 - 43,600 |
| ഓഫീസ് അറ്റൻഡന്റ് (ദിവസ വേതനം) | 1 | |
| **ആകെ** | **4** | |

(.....2)

**കൊല്ലം മേഖലാ ഓഫീസ്**

| അനുവദിച്ച തസ്തികയുടെ പേര് | എണ്ണം | Scale of Pay (2014 Pre-Revised) |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 | 45,800 - 89,000 |
| ജൂനിയർ സൂപ്രണ്ട് | 1 | 30,700 - 65,400 |
| ക്ലാർക്ക് | 1 | 19,000 - 43,600 |
| ഓഫീസ് അറ്റൻഡന്റ് (ദിവസ വേതനം) | 1 | |
| **ആകെ** | **4** | |

3. പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബഡ്ജറ്റ് ശീർഷകങ്ങളുടെ നടത്തിപ്പ്, 2021-2022 അദ്ധ്യയന വർഷം മുതൽ പൂർണ്ണമായും പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി നടപ്പിലാക്കേണ്ടതാണ്. 2021-2022 അദ്ധ്യയന വർഷം മുതൽ ഒന്നാം വർഷത്തിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് വഴി തുടർ നടപടികളെടുത്ത് അർഹരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് നൽകേണ്ടതാണ്. ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഇതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

4. നിലവിൽ പട്ടികജാതി വികസന വകുപ്പ് വഴി വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്ന OEC/ SEBC/ KPCR/ OBH വിഭാഗം വിദ്യാർത്ഥികളുടെ ആനുകൂല്യ വിതരണം കോഴ്സ് കാലാവധി പൂർത്തിയാകുന്നതുവരെ പട്ടികജാതി വികസന വകുപ്പിൽ തുടരേണ്ടതാണ്.

5. പുതിയ രണ്ട് മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിലൂടെ ആകെ ഉള്ള നാല് മേഖലാ ഓഫീസുകളുടെ പ്രവർത്തന പരിധിയിൽ വരുന്ന ജില്ലകൾ ഇപ്രകാരമായി പുനർ നിർണ്ണയിക്കുന്നു.

| | | |
|---|---|---|
| കൊല്ലം മേഖലാ ഓഫീസ് | - | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട |
| എറണാകുളം മേഖലാ ഓഫീസ് | - | ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം |
| പാലക്കാട് മേഖലാ ഓഫീസ് | - | തൃശ്ശൂർ, പാലക്കാട്, മലപ്പുറം |
| കോഴിക്കോട് മേഖലാ ഓഫീസ് | - | കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് |

6. പുതിയതായി അനുവദിക്കപ്പെട്ട മേഖലാ ഓഫീസുകൾക്ക് അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**പുനീത് കുമാർ**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ &ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം

(.....2)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 4787 OA)
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ